**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2159** **01-09-2022 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര ജനറൽ ആശുപത്രിയ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ കെ ആൻസലൻ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | നെയ്യാറ്റിൻകര ജനറൽ ആശുപത്രിയ്ക്കുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന് ബഡ്ജറ്റിൽ ഫണ്ട് അനുവദിച്ചത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലെ നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനും പുതിയ മന്ദിരം നിർമ്മിക്കുന്നതിനും 2022-2023-ലെ പൊതു ബഡ്ജറ്റിൽ ക്രമ നം.513 ആയി 10 കോടി രൂപാ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | സ്ഥലം ഏറ്റെടുക്കുന്നതിന്റെ നടപടിക്രമങ്ങൾ ആരംഭിക്കുന്നതിനായി 18.06.2022 തീയതിയായി ഡി.എച്ച്.എസ്.-ന് നൽകിയ എം.എൽ.എ./ ഡി.എച്ച്.എസ്./ബി.ഡി.-01/2022 നമ്പർ കത്ത് പ്രകാരം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ആശുപത്രി സൂപ്രണ്ടും, ജില്ലാ മെഡിക്കൽ ഓഫീസറും സാക്ഷ്യപ്പെടുത്തിയ ആവശ്യകതാപത്രം, തഹസീൽദാർ സാക്ഷ്യപെടുത്തിയ വാല്യൂവേഷൻ സർട്ടിഫിക്കറ്റ് എന്നിവ ആവശ്യപ്പെട്ടുകൊണ്ട് ജില്ലാ മെഡിക്കൽ ഓഫീസർക്ക് കത്ത് നൽകുകയും, പകർപ്പ് നെയ്യാറ്റിൻകര ജനറൽ ആശുപത്രിക്ക് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | ബഡ്ജറ്റിൽ പ്രഖ്യാപിച്ച സ്ഥലം ഏറ്റെടുക്കലിന്റെ നടപടിക്രമങ്ങളിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ? | (സി) | സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ആവശ്യമായ രേഖകൾ ലഭ്യമാക്കുന്ന മുറയ്ക്ക് നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ